പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6073 19/11/2019 ൽ മറുപടിക്ക്

**ദേവസ്വങ്ങളുടെ അന്യാധീനപ്പെട്ട സ്ഥലങ്ങൾ തിരികെ ലഭിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| | സംസ്ഥാനത്തെ വിവിധ ദേവസ്വങ്ങളുടെ അന്യാധീനപ്പെട്ട സ്ഥലങ്ങൾ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | | ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള വസ്തുക്കളിൽ അനധികൃത കൈയ്യേറ്റം കാരണം അന്യാധീനപ്പെട്ടിട്ടുള്ള വസ്തു വീണ്ടെടുക്കുന്നതിനായി ലാന്റ് കൺസർവൻസി യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ലാന്റ് സ്പെഷ്യൽ ഓഫീസറുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.<br>സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും അതുമൂലമുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഏകാംഗ ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ